A

# സമഗ്ര ശിക്ഷാ, കേരളം

1012

# പാദവാർഷിക മൂല്യനിർണയം 2022–23

# മലയാളം

ക്ലാസ് : 10

## അടിസ്ഥാനപാഠാവലി

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40

**നിർദേശങ്ങൾ**

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കുവാനും ഉത്തരങ്ങൾ ക്രമപ്പെടുത്തുവാനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.** (4 x 1 = 4)

1. 'ഇപ്പോൾ ഇതൊരു വീടല്ല. നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാവുന്നില്ല.' (ഓരോ വിളിയും കാത്ത്)
വീട് അപൂർണമാണെന്ന് തോന്നാൻ കാരണം എന്താവാം?
   - അച്ഛൻ കിടപ്പിലായതുകൊണ്ട്
   - അച്ഛന്റെ ശബ്ദവും സാന്നിധ്യവും ഇല്ലാതായതുകൊണ്ട്
   - അച്ഛൻ നിരന്തരം വഴക്കിടുന്നതുകൊണ്ട്
   - അച്ഛൻ വിദേശത്തേക്ക് പോയതുകൊണ്ട്

2. "പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
രുറ്റം, കുരച്ചത് ചാടികുതിക്കുന്നു." *(അമ്മത്തൊട്ടിൽ)*
തെരുവുപട്ടി കുരച്ചു ചാടിക്കുതിക്കുന്നത് എന്തുകൊണ്ടാവും?
   - അമ്മയെ ഉപേക്ഷിക്കുന്നതിലുള്ള ദേഷ്യം കൊണ്ട്
   - മനുഷ്യരോടുള്ള വെറുപ്പുകൊണ്ട്
   - ഭക്ഷണം ലഭിക്കാത്തതിന്റെ അമർഷം കൊണ്ട്
   - സ്വന്തം കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ വേണ്ടി

3. "അന്നുവെച്ച കഞ്ഞിയിൽനിന്ന് ഒരു നല്ല അംശം അവൾ സൂക്ഷിച്ചുവച്ചിരുന്നു. അതു കോരൻ കണ്ടുപിടിച്ചു.
"എടീ കള്ളീ! നീയതു ഒളിച്ചുമച്ചിരുന്നോ?" *(പ്ലാവിലക്കഞ്ഞി)*
കോരന്റെ ഈ വാക്കുകളിൽ തെളിയുന്ന ഭാവം എന്താണ്?
   - പരിഹാസം
   - സ്നേഹം
   - പുച്ഛം
   - ദേഷ്യം

4. കർക്കടക മാസത്തിലെ കറുത്തവാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൊണ്ട് കൊച്ചുചക്കരച്ചി മറ്റൊരാകാശം സൃഷ്ടിക്കുന്നു.
ഇവിടെ 'ഇലപ്പടർപ്പ്' എന്ന പദത്തിന്റെ വിഗ്രഹാർഥം ഏത്?
   - ഇലകളുടെ പടർപ്പ്
   - ഇല എന്ന പടർപ്പ്
   - ഇലയിലെ പടർപ്പ്
   - ഇല, പടർപ്പ് എന്നിവ

5. മാതൃകപോലെ മാറ്റി എഴുതുക.

- വെള്ളിത്താലം - വെള്ളി, താലം
- മലർക്കളം - ........................................

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** (4 x 2 = 8)

6. 'തുലാവർഷക്കാറ്റുകളും കാലവർഷക്കാറ്റുകളും ആ മുത്തശ്ശിയുടെ നിബിഡവും ശ്യാമളവുമായ തലമുടികളിൽക്കൂടി വിരലോടിച്ചുപോവുക മാത്രം ചെയ്തു.' *(കൊച്ചുചക്കരച്ചി)*
നിബിഡവും ശ്യാമളവുമായ തലമുടികൾ എന്നതുകൊണ്ട് ലേഖകൻ ഉദ്ദേശിക്കുന്നതെന്തെന്ന് വ്യക്തമാക്കുക.

7. "നീരറ്റു വറ്റിവരണ്ട കൈച്ചുള്ളികൾ
നീരാതെ മാറോട് ചേർത്തുവച്ചിട്ടുണ്ട്" *(അമ്മത്തൊട്ടിൽ)*
ഈ വരികളിൽ തെളിയുന്ന കാവ്യപരമായ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ കുറിക്കുക.

8. 'ഏതോ ദിശയിൽ നിന്നും അടിച്ചെത്തിയ കാറ്റിൽ
**ശബ്ദങ്ങളുടെ കരിയിലകൾ** അപ്പാടെ പാറിപ്പോയി' *(ഓരോ വിളിയും കാത്ത്)*
അടിവരയിട്ട പ്രയോഗത്തിന്റെ പൊരുൾ വ്യക്തമാക്കുക.

9. 'ജീവിതത്തിൽ കൊടിയ ദാരിദ്ര്യം അനുഭവിക്കുമ്പോഴും സ്നേഹബന്ധങ്ങളാൽ സമ്പന്നരായിരുന്നു 'പ്ലാവിലക്കഞ്ഞി'യിലെ കഥാപാത്രങ്ങൾ.'
ഈ പ്രസ്താവനയ്ക്ക് യോജിക്കുന്ന രണ്ട് കഥാസന്ദർഭങ്ങൾ എഴുതുക.

10. അർഥവ്യത്യാസം വരാതെ രണ്ട് വാക്യമാക്കി എഴുതുക.
ഞങ്ങൾ തറവാട്ടുവീട്ടിൽ താമസമാക്കിയതിനു ശേഷം പണത്തിന്റെ മുട്ടുകൊണ്ട് ഒന്നു രണ്ടു പ്രാവശ്യം കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ അമ്മ ശ്രമിച്ചിട്ടുണ്ട്.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** (4 x 4 = 16)

11. 'കുളത്തിന്റെ കിഴക്കേ ഭാഗത്തുള്ള കവുങ്ങിൽ അടയ്ക്ക പഴുത്തിരിക്കുന്നു. കുന്നിൻപുറത്തുള്ള തെങ്ങിൽ തേങ്ങ വരണ്ടിരിക്കുന്നു. കന്നിനെല്ലിന് വേലികെട്ടാൻ സമയമായി.'
*(ഓരോ വിളിയും കാത്ത്)*
അച്ഛന് കൃഷിയോടും പ്രകൃതിയോടുമുള്ള അടുപ്പം 'ഓരോ വിളിയും കാത്ത്' എന്ന കഥയിൽ പ്രതിഫലിക്കുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

12. "വൃദ്ധനെ തകഴിയിൽ തനിച്ചിട്ടു താൻ തന്റെ സുഖം തേടി പെണ്ണുമായി മറുനാട്ടിൽ പോന്നു. അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്! ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല."
*(പ്ലാവിലക്കഞ്ഞി)*
കോരൻ എന്ന കഥാപാത്രത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് പ്ലാവിലക്കഞ്ഞിയിൽ തെളിയുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ സമർഥിക്കുക.

13. 'വിൽക്കാനുള്ളതല്ല ആളുകൾക്ക് പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ' എന്നതായിരുന്നു കൊച്ചു ചക്കരച്ചിയുടെ നില'.

കൊച്ചുചക്കരച്ചിയെക്കുറിച്ചുള്ള ലേഖകന്റെ ഈ നിരീക്ഷണം നമുക്ക് നൽകുന്ന സന്ദേശങ്ങൾ എന്തെല്ലാം? വിലയിരുത്തി കുറിപ്പു തയാറാക്കുക.

14. 'ഇപ്പോഴും എടേക്കൂടെ പോണ ചെലർ വിവരമറിയാതെ ചോദിക്കും. 'മൂപ്പരെങ്ങോട്ടുപോയി?' ഞാൻ പറയും പോയീന്ന്. പോയില്ലാന്ന് എനിക്കല്ലേ അറിയൂ.' (ഓരോ വിളിയും കാത്ത്)
ഈ വരികൾ നിങ്ങളുടെ മനസ്സിൽ ഉണർത്തിയ ചിന്തകൾ എന്തെല്ലാം? പ്രതികരണക്കുറിപ്പ് തയാറാക്കുക.

15. "എങ്ങോട്ടുപോകുന്നുവെന്നു ചോദിച്ചില്ല,
എന്തിനെന്നും; പക്ഷേ കണ്ണുകൾ, കണ്ണുകൾ
മങ്ങിപ്പഴകിയ പിഞ്ഞാണവർണമായ്
പാടയും പീളയും മൂടിയ കണ്ണുകൾ
ഏറെപ്പണിപ്പെട്ടടച്ചു തുറന്നവർ". *(അമ്മത്തൊട്ടിൽ)*

തന്നിരിക്കുന്ന വരികളും കവിതയും വിശകലനം ചെയ്ത് 'അമ്മത്തൊട്ടിൽ' എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കുക?

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**
**(2x6 = 12)**

16. 'പൂക്കൾ വിടരുന്ന ഒരു ചെടി തൊട്ടടുത്തു വളരുന്നത് മക്കൾക്ക് ഇനി മുതൽ കാണാം. ഞാനതിനെ മണ്ണുനിറച്ച പാത്രത്തിൽ നടുന്നതും ടെറസ്സിലേക്ക് സൗകര്യം നോക്കി വയ്ക്കുന്നതും അവർക്ക് പുതിയ അനുഭവമാകും. മത്സരിച്ച് അവർക്കതിന് വെള്ളമൊഴിക്കാം. വിടരുന്ന ഓരോ ഇലയും വിടർന്ന കണ്ണുകളോടെ എണ്ണിനോക്കാം.' *(ഹരിതമോഹനം)*

'മാവു തളിരിടുമ്പോൾ മുതൽ നാട്ടുമ്പുറത്ത് ഉത്സവമാണ്. ഗ്രാമീണാന്തരീക്ഷം മാമ്പൂവിന്റെ മൃദുലമായ പരിമളം കൊണ്ടു നിറയും.' *(കൊച്ചുചക്കരച്ചി)*

രചനാഭാഗങ്ങൾ വിശകലനം ചെയ്ത് 'പ്രകൃതിയും മനുഷ്യനും' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

17. 'പത്തു ദിവസമായിയെന്ന്, അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട്! അവൻ ഉണ്ടാക്കിയ നെല്ല് മറ്റാരുടെയോ വകയായിരുന്നു.' *(പ്ലാവിലക്കഞ്ഞി)*

ഒരു കാലഘട്ടത്തിലെ കേരളീയ സാമൂഹ്യജീവിതത്തിന്റെ നേർചിത്രമാണോ ഇവിടെ തെളിയുന്നത്? പാഠഭാഗത്തിലെ മറ്റ് സന്ദർഭങ്ങൾ കൂടി വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

18. "എങ്ങിനി കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
കെട്ടു കരിന്തിരിയാളും വരെയവർ
ഒന്നെന്നെ കൊണ്ടുപോയിടേണമെന്നുള്ള
ശല്യപ്പെടുത്തൽ പ്രതിഷ്ഠിച്ച കോവിലിൽ" *(അമ്മത്തൊട്ടിൽ)*

'സമൂഹത്തിന്റെ മനുഷ്യത്വരഹിതമായ മനോഭാവങ്ങളോടുള്ള ശക്തമായ പ്രതികരണമാണ് അമ്മത്തൊട്ടിൽ'.

പ്രസ്താവനയുടെ അടിസ്ഥാനത്തിൽ സമകാലിക സംഭവങ്ങൾ കൂടി വിശകലനം ചെയ്ത് 'തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വാർധക്യം' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയാറാക്കുക.